## പതിനാലാം കേരള നിയമസഭ
### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.506 — 24.01.2018-ൽ മറുപടിയ്ക്ക്

## ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരണം

| ചോദ്യം<br>ശ്രീ.എം.ഉമ്മർ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം നികുതി പിരിവിൽ വർദ്ധനവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല. കോമ്പൻസേഷൻ ആക്ട് പ്രകാരം ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ നികുതികറവ് ഉണ്ടായതായി കരുതാനാവില്ല. കോമ്പൻസേഷൻ കൂടി കണക്കിലെടുത്താൽ നികുതി വർദ്ധനവ് 14% ശതമാനത്തോളം വരുന്നതാണ് |
| (ബി) | ജി.എസ്.ടി.യുടെ പേരിൽ ഉപഭോക്താക്കളിൽ നിന്നും വ്യാപാരികൾ അമിതമായി നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണം എന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല |
| (സി) | ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ആക്ടിലെ 171-ാം വകുപ്പും ചട്ടങ്ങളിലെ 122-ാം വകുപ്പും പ്രകാരം ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) & (ഡി) | ഉണ്ട്. എന്നാൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ആക്ട് നിലവിൽ വന്ന സാഹചര്യത്തിൽ അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ട പരമാവധി സമയം എത്രയാണെന്ന് വിശദമാക്കാമോ; | | |
| (ഇ) | അതോറിറ്റി രൂപീകരിക്കുന്നതിനായി കേന്ദ്രനിർദ്ദേശം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ഇ) | ഇന്ത്യയൊട്ടാകെ ഒറ്റ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്രഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയാണുള്ളത്. സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, അതിൽ സി.ജി.എസ്.ടി.യുടെ മെമ്പറും എസ്.ജി.എസ്.ടി യുടെ മെമ്പറും ഉൾപ്പെടുന്നു. ലഭിക്കുന്ന പരാതികൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചശേഷം കഴമ്പുണ്ടെങ്കിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറും. തുടർ നടപടി സ്വീകരിക്കുന്നത് ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. |

സെക്ഷൻ ഓഫീസർ